# NATIONAL BULLETIN

**DATE: 13.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) മഹാകുംഭമേളയോട് അനുബന്ധിച്ച് ഉത്തർപ്രദേശിൽ പൂർത്തിയായ 7,000 കോടി രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will today inaugurate multiple development projects worth 7,000 crore rupees to bolster infrastructure in UttarPradesh, ahead of Maha Kumbh Mela.**

2) ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വർഷത്തിന് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി ലോക്സഭയിൽ ഇന്ന് രണ്ട് ദിവസത്തെ ചർച്ച അരംഭിക്കും.

   **The Lok Sabha will begin a two-day debate today on the Constitution to mark the beginning of the 75th year of its adoption in the country.**

3) ലോക ചെസ് ചാമ്പ്യൻഷിപ്പ് പട്ടം നേടിയ ഇന്ത്യൻ ഗ്രാന്റ് മാസ്റ്റർ ഡി.ഗുകേഷിന് അഭിനന്ദനം അറിയിച്ച് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെ പ്രമുഖർ.

**Prominent persons including the President, Vice President, and Prime Minister congratulated Indian Grand Master D. Gukesh for winning the World Chess Championship title.**

4) രാജ്യത്ത് 1991 ലെ ആരാധനാലയ നിയമപ്രകാരം പുതിയ കേസുകൾ രജിസ്റ്റർ ചെയ്യരുതെന്ന് സുപ്രീം കോടതി.

**Supreme Court orders that no fresh suits will be registered under Places of Worship Act in the country.**

5) കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരി തെളിയും.

**The Kerala International Film Festival will be inaugurated in Thiruvananthapuram today.**

6) കേരളത്തിൽ പാലക്കാട് ലോറി ദേഹത്തേയ്ക്ക് മറിഞ്ഞ് മരണമടഞ്ഞ നാലു വിദ്യാർത്ഥിനികളുടെ സംസ്കാരം ഇന്ന്. മന്ത്രിമാരായ കെ.കൃഷ്ണൻകുട്ടി, എം ബി രാജേഷ് എന്നിവർ പങ്കെടുക്കും.

**The funeral of the four female students who died after a lorry overturned in Palakkad, Kerala, will be held today. Ministers K. Krishnankutty and M. B. Rajesh will attend.**

**************************************************

## PM – PYAYAGRAJ

മഹാകുംഭമേളയോട് അനുബന്ധിച്ച് ഉത്തർപ്രദേശിൽ 7000 കോടി രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. വിവിധ റെയിൽ, റോഡ് പദ്ധതികളും പാലങ്ങളു സ്നാന ഘട്ടങ്ങളും ഉൾപ്പെടെയുള്ളവയാണ് ഉദ്ഘാടനം ചെയ്യുന്നത്. ഗംഗയിലേക്ക് മലിനജലം ഒഴുകുന്നത് തടയുന്നതിനുള്ള പദ്ധതിക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും. പ്രയാഗ് രാജ് സന്ദർശിച്ച ശേഷം

ത്രിവേണി സംഗമം, അക്ഷയ് വത്, ഹനുമാൻ ക്ഷേത്രം എന്നിവിടങ്ങളിൽ ആരാധന നടത്തുന്ന പ്രധാനമന്ത്രി  ഗംഗാ ആരതിയിലും പങ്കെടുക്കും.

************************************************

## INDIA-UAE MEETING

15-ാമത് ഇന്ത്യ-യുഎഇ സംയുക്ത കമ്മിഷൻ യോഗത്തിന് വിദേശകാര്യ മന്ത്രി എസ് ജയശങ്കറും യു.എ.ഇ വിദേശകാര്യമന്ത്രി ഷെയ്ഖ് അബ്ദുള്ള ബിൻ സയ്ദ് ബിൻ സുൽത്താൻ അൽ-നഹ്യാനും ന്യൂഡൽഹിയിൽ സഹഅധ്യക്ഷത വഹിക്കും. ഇന്നലെ നടന്ന നാലാമത് ഇന്ത്യ- യു.എ.ഇ നയതന്ത്ര ചർച്ചകളിലും ഇരുവരും അധ്യക്ഷത വഹിച്ചിരുന്നു. ചർച്ച ഫലവത്തായിരുന്നു എന്ന് വിദേശകാര്യ മന്ത്രി എസ് .ജയശങ്കർ പറഞ്ഞു.

************************************************

## LOK SABHA - CONSTITUTION

രാജ്യത്ത് ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വർഷത്തിന് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി ലോക്സഭയിൽ ഇന്ന് രണ്ട് ദിവസത്തെ ചർച്ച അരംഭിക്കും. ചോദ്യോത്തര വേളയ്ക്ക് ശേഷമാണ് പ്രത്യേക ചർച്ച. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ലോക്സഭയിൽ ഭരണഘടനയെക്കുറിച്ചുള്ള ചർച്ചയ്ക്ക് തുടക്കമിടും. പ്രധാനമന്ത്രി നരേന്ദ്ര മോദി, ചർച്ചക്ക് നാളെ ലോക്സഭയിൽ മറുപടി നൽകും. രാജ്യസഭയിൽ ഈ മാസം 16, 17 തീയതികളിൽ ഭരണഘടനയെക്കുറിച്ചുള്ള ചർച്ച നടക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ചൊവ്വാഴ്ച രാജ്യസഭയിൽ മറുപടി നൽകും.

************************************************

## LS DISASTER MANAGEMENT

ദുരന്ത നിവാരണ (ഭേദഗതി) ബിൽ 2024 ലോക്സഭ പാസാക്കി. 2005 ലെ ദുരന്ത നിവാരണ ചട്ടം ഭേദഗതി ചെയ്യുകയും ദേശീയ - സംസ്ഥാന ദുരന്ത പ്രതികരണ അതോറിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയുമാണ് ലക്ഷ്യം. ദേശീയ, സംസ്ഥാന ദുരന്ത പ്രതികരണ അതോറിറ്റികൾക്ക് ദേശീയ, സംസ്ഥാന തലങ്ങളിൽ പദ്ധതി തയ്യാറാക്കാൻ ബിൽ അധികാരം നൽകുന്നു. സംസ്ഥാന തലസ്ഥാനങ്ങൾക്കും നഗരങ്ങൾക്കും പ്രത്യേക ദുരന്ത നിവാരണ

അതോറിറ്റിക്ക് രൂപം നൽകാനും വ്യവസ്ഥയുണ്ട്.

********************************************************

## RS - GOVT WEST ASIA

സുരക്ഷിതവും അംഗീകൃതവുമായ അതിർത്തികളോടെ പരമാധികാരമുള്ളതും, സ്വതന്ത്രവുമായ പലസ്തീൻ രാഷ്ട്രം സ്ഥാപിക്കുന്ന ദ്വിരാഷ്ട്ര പരിഹാരത്തെ പിന്തുണയ്ക്കുന്നതാണ് ഇന്ത്യയുടെ പലസ്തീൻ നയമെന്ന് വ്യക്തമാക്കി കേന്ദ്രസർക്കാർ. രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ, 2023 ഒക്ടോബർ 7-ന് നടന്ന ഇസ്രായേൽ ഭീകരാക്രമണത്തെയും, ഇസ്രായേൽ-ഹമാസ് സംഘർഷത്തിൽ സാധാരണക്കാർ കൊല്ലപ്പെടുന്നതിനെയും ഇന്ത്യ ശക്തമായി അപലപിച്ചതായി വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് പറഞ്ഞു. മേഖലയിലെ സുരക്ഷാ സാഹചര്യത്തിൽ ഇന്ത്യക്ക് ആശങ്കയുണ്ടെന്ന് പറഞ്ഞ മന്ത്രി, വെടിനിർത്തലിനും, ബന്ദികളുടെ മോചനത്തിനും, സംഭാഷണത്തിലൂടെയും നയതന്ത്രത്തിലൂടെയുമുള്ള പ്രശ്ന പരിഹാരത്തിനും ഇന്ത്യ ആഹ്വാനം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കി. പലസ്തീനിലെ ജനങ്ങൾക്ക് സുരക്ഷിതവും സമയബന്ധിതവും സുസ്ഥിരവുമായ മാനുഷിക സഹായം എത്തിക്കേണ്ടതിന്റെ ആവശ്യകത ഇന്ത്യ ഊന്നിപ്പറഞ്ഞതായി മന്ത്രി പറഞ്ഞു. മേഖലയിലെ ഇന്ത്യൻ എംബസികൾ ബന്ധപ്പെട്ട അധികാരികളുമായും ഇന്ത്യൻ സമൂഹവുമായും നിരന്തരം ബന്ധപ്പെടുന്നതായും അതുവഴി അവരുടെ സുരക്ഷ ഉറപ്പുവരുത്താൻ കൃത്യമായ ഇടപെടലുകൾ

നടത്തുന്നതായും മന്ത്രി അറിയിച്ചു. സമുദ്രസഞ്ചാര സ്വാതന്ത്ര്യത്തിന് ഭീഷണിയാകുന്ന ചെങ്കടലിലെ വാണിജ്യ കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ വ്യാപാരത്തെ ബാധിക്കുന്നതായി അദ്ദേഹം പറഞ്ഞു. വിതരണ സ്രോതസ്സുകളുടെ വൈവിധ്യവൽക്കരണം, എണ്ണയുടെയും പ്രകൃതി വാതകത്തിന്റെയും ആഭ്യന്തര ഉൽപ്പാദന വർദ്ധനവ്, ഇതര ഊർജ സ്രോതസ്സുകളുടെ വിപുലീകരണം എന്നിവ ഉൾപ്പെടുന്ന ബഹുമുഖ തന്ത്രമാണ് സർക്കാർ പിന്തുടരുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

*************************************************

## CHESS (INTRO)

സിംഗപ്പൂരിൽ നടന്ന FIDE ലോക ചെസ് ചാമ്പ്യൻഷിപ്പ് കിരീടം നേടിയ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ഡി. ഗുകേഷിനെ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ അഭിനന്ദിച്ചു. ചൈനയുടെ ഡിംങ് ലിറനെ പരാജയപ്പെടുത്തിയാണ് ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ചാമ്പ്യനെന്ന നേട്ടം 18 കാരനായ ഗുകേഷ് സ്വന്തമാക്കിയത്.

ആകാശവാണി പ്രതിനിധി **സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.......**

(വോയിസ്)

*************************************************

## SC – PLACES OF WORSHIP

രാജ്യത്ത് 1991 ലെ ആരാധനാലയ നിയമപ്രകാരം പുതിയ കേസുകൾ രജിസ്റ്റർ ചെയ്യരുതെന്ന് സുപ്രീം കോടതി. തീർപ്പുകൽപ്പിക്കാത്ത കേസുകളിൽ, ഇനിയൊരു നിർദ്ദേശം ഉണ്ടാകുന്നതുവരെ അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കരുതെന്നും സുപ്രീം കോടതി ഉത്തരവിട്ടു. 1947 ഓഗസ്റ്റ്

15-ലെ തൽസ്ഥിതിയിൽ നിന്ന് വ്യത്യസ്തമായി ആരാധനാലയങ്ങൾ തിരിച്ചുപിടിക്കുന്നതിനോ സ്വഭാവത്തിൽ മാറ്റം വരുത്തുന്നതിനോ വേണ്ടിയുള്ള കേസ് ഫയൽ ചെയ്യുന്നത് വിലക്കുന്നതാണ് 1991 ലെ നിയമം. ഇതുമായി ബന്ധപ്പെട്ട ഹർജികളിൽ, നാലാഴ്ചക്കകം മറുപടി നൽകണമെന്ന്, ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ പ്രത്യേക ബെഞ്ച് കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെട്ടു.

**************************************************

## INDIA EU- FTA

യൂറോപ്യൻ യൂണിയനുമായി സന്തുലിതവും സമഗ്രവും പരസ്പരം പ്രയോജനകരവുമായ സ്വതന്ത്ര വ്യാപാര കരാറാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. യൂറോപ്യൻ കമ്മീഷൻ പ്രതിനിധി സംഘത്തിലെ അംബാസഡർമാരുമായി ആശയവിനിമയം നടത്തുകയായിരുന്നു ശ്രീ ഗോയൽ. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള മികച്ച സഹകരണവും വർദ്ധിച്ചുവരുന്ന വ്യാപാരബന്ധവും കൂടിക്കാഴ്ചയിൽ ചർച്ചയായി.

**************************************************

## EU- SCHENGEN

2025 ജനുവരി ഒന്നോടെ യൂറോപ്യൻ യൂണിയൻ അതിർത്തി രഹിത ഷെങ്കൻ ഏരിയയുടെ ഭാഗമാകാനൊരുങ്ങി റൊമാനിയായും ബൾഗേറിയയും. തീരുമാനത്തിൽ, യൂറോപ്യൻ പാർലമെൻ്റ് പ്രസിഡൻ്റ് റോബർട്ട മെറ്റ്സോള സമൂഹ മാധ്യമത്തിലൂടെ ഇരു രാജ്യങ്ങളിലെയും ജനങ്ങളെ അഭിനന്ദിച്ചു. ശക്തമായ ഷെങ്കൻ മേഖല സുരക്ഷിതവും കൂടുതൽ ഏകീകൃതവുമായ യൂറോപ്പിനെ പ്രതിനിധാനം ചെയ്യുന്നതായി അവർ പറഞ്ഞു.

**************************************************

## SHEKHAWAT (INTRO)

സാംസ്കാരിക, വിനോദസഞ്ചാര മേഖലകളിൽ വിപ്ലവകരമായ പരിഷ്കാരങ്ങൾ നടപ്പാക്കിയത് രാജ്യത്ത് സാമൂഹിക-സാമ്പത്തിക- ബൗദ്ധിക നേട്ടങ്ങൾ ലഭിക്കാൻ കാരണമായെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്. 'വികസിത ഇന്ത്യ' എന്ന ലക്ഷ്യം കൈവരിക്കാൻ വിനോദസഞ്ചാര മേഖലയെ അവിഭാജ്യ ഘടകമാക്കാൻ നിരവധി പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 95.64 ശതമാനം വർധനയുണ്ടെന്നും സാംസ്കാരിക-വിനോദസഞ്ചാര മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ എത്തുന്നതായും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

(വോയിസ്)

**************************************************

## IFFK

29 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. വൈകുന്നേരം ആറ് മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര പ്രതിഭ ശബാന അസ്മി മുഖ്യാതിഥിയാകും.

**************************************************

## PALAKKAD ACCIDENT (INTRO)

പാലക്കാട് പനയംമ്പാടത്ത് സിമന്റ് ലോറി ദേഹത്തേക്ക് മറിഞ്ഞ് മരിച്ച നാല് വിദ്യാർത്ഥിനികളുടെയും ഖബറടക്കം ഇന്ന് നടക്കും. മന്ത്രിമാരായ കെ.കൃഷ്ണൻകുട്ടി, എം ബി രാജേഷ് എന്നിവർ പങ്കെടുക്കും. കരിമ്പ ഹയർ സെക്കന്ററി സ്കൂളിലെ എട്ടാം ക്ലാസ്

വിദ്യാർത്ഥിനികളായ നിദ ഫാത്തിമ, ഇർഫാന ഷെറിൻ, റിദ ഫാത്തിമ, ഐഷ എന്നിവരാണ് ഇന്നലെ വൈകുന്നേരം ഉണ്ടായ അപകടത്തിൽ മരിച്ചത്. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉൾപ്പെടെയുള്ള പ്രമുഖർ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലിമുത്ത്......**

(വോയിസ്)

**************************************************

## <u>RAIN-KERALA</u>

സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാമുന്നറിയിപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള -ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

****************************************************************************************************

**************************************************